(11) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ

ശ്രീ. പി. കെ. കെ. ബാവ : സർ, ഇല്ലായ്മയുടെ മാത്രം കഥ പറയാനുള്ള ഒരു കമ്മ്യൂണിറ്റി സെന്ററാണ്. കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്റർ, അവിടെ ഡോക്ടർമാരില്ല, സ്റ്റാഫില്ല, മരുന്നില്ല, ബെഡ്ഡില്ല, അഡ്മിറ്റില്ല. ഇങ്ങനെ പോകുന്നു പരാതികൾ. ഇത് പല പ്രാവശ്യം ഞാൻ ഈ സഭയിൽ ഉന്നയിച്ചതാണ്. കോഴിക്കോട് വിമാനത്താവളത്തിന്റെ പരിസരത്ത് പ്രവർത്തിക്കുന്ന ആയിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഇന്നത്തെ ദുഃസ്ഥിതി മാറ്റുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒ. പി. യും ഐ. പി.യും പ്രവർത്തിക്കുന്നുണ്ട്. അവിടെ 29 കിടക്കകളുണ്ട്. 3 ഡോക്ടർമാരടക്കം 63 ജീവനക്കാരുടെ സേവനം അവിടെ കണക്കാക്കിയിട്ടുണ്ട്. ചില ഒഴിവുകളുണ്ട്. ആ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു വരുന്നു. പ്രത്യേകിച്ചും പൊതുവായിട്ടുള്ള ഒരു പ്രശ്നമാണ്. ഇത് എല്ലാ എം.എൽ.എ.മാരും പറയുന്നുണ്ട്. ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ഡോക്ടർമാരില്ലാത്തതുകൊണ്ട് രോഗികളെ പരിശോധിക്കാൻ കഴിയുന്നില്ല. മരുന്ന് ഇഷ്ടം പോലെയുണ്ട്. ഗവൺമെന്റ് ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കാൻ സ്ഥലമില്ലായെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് ഗവൺമെന്റ് സജീവമായ പരിഗണന കൊടുത്തിട്ടുണ്ട്. പി.എസ്.സി. ചെയർമാനോട് ഞാൻ തന്നെ സംസാരിച്ചു. ലിസ്റ്റ് കിട്ടിയാൽ ഡോക്ടർമാരെയെല്ലാം നിയമിക്കുന്നതാണ്. കോഴിക്കോട് എയർപോർട്ടിന്റെ അടുത്തു കിടക്കുന്ന ആ ആശുപത്രിയിൽ പ്രത്യേകശ്രദ്ധ ആവശ്യമാണ്. ഗവൺമെന്റ് അത് പരിഗണിക്കുന്നതാണ്.

(12) ട്രേഡ് യൂണിയൻ ആക്ട് ഭേദഗതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം

ശ്രീ. കെ. പി. രാജേന്ദ്രൻ : ട്രേഡ് യൂണിയൻ ആക്ട് ഭേദഗതി ചെയ്യാനുള്ള ബി.ജെ.പി. ഗവൺമെന്റിന്റെ നടപടിയെ സംബന്ധിച്ചാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ആഗോളവൽക്കരണത്തിന് ഉതകുന്നവിധം ട്രേഡ് യൂണിയൻ നിയമങ്ങളെ ചിട്ടപ്പെടുത്തണമെന്നുള്ള ലോകവ്യാപാര സംഘടനയുടെയും ലോകബാങ്കിന്റെയും ആജ്ഞ നടപ്പിലാക്കാൻ ട്രേഡ് യൂണിയൻ ആക്ട് ഭേദഗതി ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. നിലവിലുള്ള ട്രേഡ് യൂണിയൻ ആക്ടിൽ വരുത്തുന്ന ഭേദഗതി ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ള ട്രേഡ് യൂണിയനുകൾ ഉൾപ്പെടെ രാജ്യത്തുള്ള മുഴുവൻ തൊഴിലാളി പ്രസ്ഥാനങ്ങളെയും തകർക്കുന്ന നടപടിയാണ്. ശ്രീ. രവീന്ദ്ര വർമ്മ ചെയർമാനായിട്ടുള്ള രണ്ടാം ലേബർ കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണ് തൊഴിലാളികളുടെ അവകാശങ്ങളെ ഹനിക്കുന്ന വിധത്തിൽ തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ട് തൊഴിലാളികളുടെ അവകാശങ്ങളെ തകർക്കുന്ന ട്രേഡ് യൂണിയൻ ആക്ട് ഭേദഗതി ചെയ്യാനുള്ള നടപടി കേന്ദ്ര ഗവൺമെന്റ് കൊണ്ടു വന്നിരിക്കുന്നത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly